**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5977** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ പുതിയ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.കളിൽ എൻ.സി.വി.ടി. അഫിലിയേഷൻ നിലനിർത്തുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; ഇല്ലെങ്കിൽ അഫിലിയേഷൻ റദ്ദാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന എല്ലാ ഐ.റ്റി.ഐ.കൾക്കും എൻ.സി.വി.ടി അഫിലിയേഷൻ നിലവിലുണ്ട്. എന്നാൽ DGT (Directorate General of Training) യുടെ ട്രെയിനിംഗ് മാനുവൽ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ഇക്കാരണത്താൽ മാത്രം അഫിലിയേഷൻ റദ്ദാകുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | ഐ.ടി.ഐ.കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥയും ഫയൽ നമ്പരും വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഐ.റ്റി.ഐ.കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2 പ്രൊപ്പോസൽ ലഭിച്ചിരുന്നു. ആയത് പട്ടികജാതി വികസന (സി) വകുപ്പിന്റെ സി2/425/2019/ പജപവവിവ എന്ന ഫയലിൽ പരിശോധിക്കുകയുണ്ടായി. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളിൽ (പി.പി.പി. പദ്ധതി) അനുവദിച്ച ട്രേഡുകളിൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തികകൾ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അറിയിച്ച് ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | ഐ.ടി.ഐ.കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സമർപ്പിച്ച ഗുലാത്തി കമ്മീഷൻ റിപ്പോർട്ടിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിലുണ്ടോ; | (സി) | പട്ടികജാതി വികസന വകുപ്പ് 2007-2017 കാലഘട്ടത്തിൽ (പതിനൊന്ന്, പന്ത്രണ്ട് പഞ്ചവത്സര പദ്ധതിക്കാലത്ത്) നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് മോണിറ്ററിംഗ് & ഇവാല്യുവേഷൻ നടത്തി ഒരു പഠന റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ |

| | | | |
|---|---|---|---|
| | | | ഐ.റ്റി.ഐ.കളിലെ സ്റ്റാഫ് പാറ്റേൺ വ്യാവസായിക പരിശീലന വകുപ്പിന് സമാനമായി പരിഷ്കരിയ്ക്കണമെന്ന് നിർദ്ദേശിയ്ക്കുന്നുണ്ട്. |
| (ഡി) | അഖിലേന്ത്യാ ഗ്രേഡിംഗിൽ പ്രസ്തുത ഐ .ടി.ഐ.കളുടെ ശരാശരി ഗ്രേഡ് പോയിന്റ് എത്രയാണ്; ഗ്രേഡിംഗ് നിലവാരം ഉയർത്തുന്നതിനും നിലവിലുള്ള അഫിലിയേഷൻ റദ്ദാകാതിരിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | അഖിലേന്ത്യാ ഗ്രേഡിംഗിൽ പട്ടികജാതി വികസന വകുപ്പിന്റെ 44 ഐ.റ്റി.ഐ.കളുടെ ശരാശരി ഗ്രേഡിംഗ് പോയിന്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. നിലവാരം ഉയർത്തുന്നതിന് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുവാൻ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ഐ.ടി.ഐ.യുടെ പേര് | ഗ്രേഡ്/ പോയിന്റ് |
|---|---|---|
| 1 | ബേള | 0.38 |
| 2 | നീലേശ്വരം | 0.71 |
| 3 | ചെറുവത്തൂർ | 0.38 |
| 4 | മാടായി | 1.08 |
| 5 | ത്തുണേരി | 0.86 |
| 6 | എലത്തൂർ | 1.19 |
| 7 | കറുവങ്ങാട് | 1.67 |
| 8 | കേരളാധീശ്വരപുരം | 1.33 |
| 9 | പാണ്ടിക്കാട് | 2.54 |
| 10 | പാതായിക്കര | 1.68 |
| 11 | പൊന്നാനി | 0.71 |
| 12 | പാലപ്പുറം | 1.17 |
| 13 | ചിറ്റൂർ | 2.03 |
| 14 | മംഗലം | 1.12 |
| 15 | പുല്ലൂറ്റ് | 1.70 |
| 16 | എടത്തിരുത്തി | 1.80 |
| 17 | വി.ആർ.പുരം | 0.76 |
| 18 | ഹെർബർട്ട് നഗർ | 1.8 |
| 19 | നടത്തറ | 1.64 |
| 20 | എങ്കക്കാട് | 1.13 |
| 21 | എരുമപ്പെട്ടി | 1.12 |
| 22 | വരവൂർ | 1.13 |
| 23 | മായന്നൂർ | 1.28 |
| 24 | കാഞ്ഞിരംകുളം | 0.66 |
| 25 | മരിയാപുരം | 1.32 |
| 26 | കടകംപള്ളി | 1.6 |
| 27 | അഞ്ചാമട | 0.78 |
| 28 | ആറ്റിപ്ര | 2.18 |
| 29 | പേരുമല | 1.47 |
| 30 | വർക്കല | 0.78 |
| 31 | ഇടയ്ക്കോട് | 0.6 |
| 32 | ശിങ്കാരത്തോപ്പ് | 1.25 |
| 33 | ഓച്ചിറ | 0.94 |
| 34 | കളക്കട | 1.06 |
| 35 | വെട്ടിക്കവല | 1 |
| 36 | ഐക്കാട് | 1.21 |
| 37 | പന്തളം | 1.09 |
| 38 | മാവേലിക്കര | 0.81 |
| 39 | ഹരിപ്പാട് | 1.48 |
| 40 | നെടുംകാവുവയൽ | 1.21 |
| 41 | എസ്.പി. കോളനി കുറ്റി | 1.89 |
| 42 | മാടപ്പള്ളി | 1.15 |
| 43 | മധുരവേലി | 1.4 |
| 44 | ഇടപ്പള്ളി | 1.19 |

സെക്ഷൻ ഓഫീസർ